**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6771** **21-03-2023 - ൽ മറുപടിയ്ക്ക്**

**അഭ്യസ്തവിദ്യരായ തൊഴിൽ രഹിതർക്ക് തൊഴിൽ ഉറപ്പ് വരുത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ജെ. മാക്സി** | | **ശ്രീ വി ശിവൻകുട്ടി (പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് അഭ്യസ്തവിദ്യരായ എത്ര തൊഴിൽരഹിതരുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ 28,32,468 പേർ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട് . |
| (ബി) | ഇവർക്ക് തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കാനും തൊഴിൽ വിദ്യാഭ്യാസം മുൻനിർത്തി എല്ലാവർക്കും തൊഴിൽ ഉറപ്പുവരുത്തുന്നതിനുമായി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കുമോ? | (ബി) | **എംപ്ലോയബിലിറ്റി സെന്റർ.**<br><br>കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ തൊഴിൽ നൈപുണ്യ കേന്ദ്രങ്ങളാക്കിമാറ്റുക എന്ന ലക്ഷ്യത്തോടുകൂടി 2012 - 13 സാമ്പത്തിക വർഷം മുതൽ നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പ് മുഖേന സംസ്ഥാന സർക്കാർ ആവിഷ്കരിച്ച നടപ്പാക്കി വരുന്ന പദ്ധതിയാണ് എംപ്ലോയബിലിറ്റി സെന്റർ. എംപ്ലോയബിലിറ്റി സെന്ററുകളിൽ രജിസ്റ്റർ ചെയ്യുന്ന അഭ്യസ്തവിദ്യരും തൊഴിൽരഹിതരുമായ ഉദ്യോഗാർഥികളുടെ അഭിരുചി, സ്കിൽ ഗ്യാപ് എന്നിവ വിവിധ അസ്സെസ്സ്മെന്റ് ടൂൾസ് ഉപയോഗിച്ച് വിലയിരുത്തി, സോഫ്റ്റ് സ്കില്ലുകൾക്കും, ഇംഗ്ലീഷ് ഭാഷ പരിജ്ഞാനം വർദ്ധിപ്പിക്കുന്നതിനും എംപ്ലോയബിലിറ്റി സെന്ററുകൾ പരിശീലനം നൽകി വരുന്നു. കൂടാതെ തൊഴിലധിഷ്ഠിത പരിശീലനം ആവശ്യമായവർക്കു അത്തരം പരിശീലനം നൽകുന്ന അംഗീകൃത പരിശീലനകേന്ദ്രങ്ങൾ മുഖേനയും പരിശീലനം നൽകുന്നു. ഇപ്രകാരം പരിശീലനം ലഭിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് സ്വകാര്യമേഖലയിലെ തൊഴിലവസരം ലഭ്യമാക്കുന്നതിനായി തൊഴിൽദാതാക്കളുമായി നേരിട്ട് ബന്ധപ്പെട്ടും ജോബ്ഫെയറുകൾ സംഘടിപ്പിച്ചും തൊഴിൽ നേടിയെടുക്കുവാൻ എംപ്ലോയബിലിറ്റി സെന്ററുകൾ അവസരം ഉണ്ടാക്കി കൊടുക്കുന്നുണ്ട്.<br><br>**മോഡൽ കരിയർ സെന്റർ**<br><br>സ്വകാര്യമേഖലയിലെ തൊഴിലവസരങ്ങൾ തൊഴിലന്വേഷകർക്ക് പ്രാപ്യമാക്കുക എന്ന ലക്ഷ്യം മുൻനിർത്തി കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ |

പങ്കാളിത്തത്തോടെ ആരംഭിച്ചിട്ടുള്ള പദ്ധതിയാണ് മോഡൽ കരിയർ സെന്റർ. ഉദ്യോഗാർത്ഥികളുടെ തൊഴിൽപരമായ അഭിരുചി ശാസ്ത്രീയമായി കണ്ടെത്തി അവർക്കാവശ്യമായ മാർഗ്ഗനിർദ്ദേശം നൽകുക, ഗ്രൂപ്പ് കൗൺസിലിങ്, വ്യക്തിഗത മാർഗ്ഗ നിർദ്ദേശങ്ങൾ, ഗ്രൂപ്പ് ഡിസ്കഷൻ, നൈപുണ്യ പരിശീലനങ്ങൾ തുടങ്ങിയ വിവിധ സേവനങ്ങൾ സെന്ററിൽ നിന്നും ലഭിക്കുന്നതാണ്. നിലവിൽ തിരുവനന്തപുരം മോഡൽ കരിയർ സെന്റർ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സംയുക്ത സംരംഭമായി തിരുവനന്തപുരം യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ &ഗൈഡൻസ് ബ്യൂറോയോടൊപ്പം പ്രവർത്തിച്ചു വരുന്നു. കൂടാതെ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സംയുക്ത സംരംഭമായി കണ്ണൂർ മോഡൽ കരിയർ സെന്ററിന്റെ നിർമ്മാണ പ്രവർത്തനം നടന്നു വരുന്നു. കോട്ടയം മോഡൽ കരിയർ സെന്ററിന്റെ നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. സംസ്ഥാനത്ത് പുതിയതായി പത്ത് മോഡൽ കരിയർ സെന്ററുകൾ ആരംഭിക്കുന്നതിലേയ്ക്ക് കേന്ദ്രാനുമതി ലഭ്യമായിട്ടുണ്ട്.

**കരിയർ ഡെവലപ്മെന്റ് സെന്റർ**

2016-17 സാമ്പത്തിക വർഷം മുതൽ നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പ് മുഖേന സർക്കാർ ആവിഷ്കരിച്ചു നടപ്പാക്കി വരുന്ന പദ്ധതിയാണ് കരിയർ ഡെവലപ്മെന്റ് സെന്റർ. ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലെ വൊക്കേഷണൽ ഗൈഡൻസ് യൂണിറ്റുകളുടെ എക്സ്റ്റൻഷൻ സെന്ററുകളായാണ് കരിയർ ഡവലപ്മെന്റ് സെന്ററുകൾ പ്രവർത്തിക്കുന്നത്. കരിയർ ഡെവലപ്മെന്റ് സെന്റർ മുഖേന കരിയർ സംബന്ധമായ ഏതു പ്രശ്നത്തിനും പരിഹാരം നൽകുന്നു.

വ്യക്തിയെയും, കുടുംബത്തെയും ആഴത്തിൽ അറിഞ്ഞുകൊണ്ട് ജീവിതവിജയം സാധ്യമാവുന്ന വഴികൾ തെരഞ്ഞെടുക്കാൻ സഹായിക്കുന്ന ആധുനിക സംവിധാനങ്ങളുള്ള കേന്ദ്രമാണ് കരിയർ ഡവലപ്മെന്റ് സെന്റർ.

കോഴ്സുകൾ പൂർത്തീകരിച്ച ശേഷം തൊഴിൽ ലഭിക്കാതിരിക്കുന്നുവെങ്കിൽ ആവശ്യമായ പരിശീലനവും പ്രചോദനവും സെന്ററിൽ നിന്ന് നൽകുന്നതായിരിക്കും. റെസ്യൂമെ പ്രിപ്പറേഷൻ, വിവിധ മത്സര പരീക്ഷയ്ക്കുള്ള പരിശീലന പരിപാടികൾ, പ്രി ഇന്റർവ്യൂ പരിശീലനം, മൃദു

നൈപുണ്യ പരിശീലനങ്ങൾ എന്നിവയിലൂടെയെല്ലാം വ്യക്തിയുടെ പ്രൊഫഷണൽ മികവ് ഉയർത്താനാവശ്യമായ എല്ലാവിധ നിർദ്ദേശങ്ങളും സെന്ററിൽ നിന്ന് ലഭിക്കും. സെന്ററിൽ വിപുലമായ കരിയർ ലൈബ്രറി ഒരുക്കിയിട്ടുണ്ട്. മത്സരപരീക്ഷകൾക്ക് പരിശീലനം നടത്തുന്ന ഉദ്യോഗാർത്ഥികൾക്ക് കരിയർ ലൈബ്രറി പ്രയോജനപ്പെടു-ത്താവുന്നതാണ്. സെൽഫ് ഹെൽപ്പ് വിഭാഗത്തിൽപ്പെട്ട മികച്ച ഗ്രന്ഥങ്ങളും ലൈബ്രറിയിൽ ലഭ്യമാണ്. എംപ്ലോയബിലിറ്റി സെന്ററുകൾ സംഘടിപ്പിക്കുന്ന ജോബ് ഫെസ്റ്റിൽ പങ്കെടുക്കുന്നതിനുള്ള അവസരം ഉദ്യോഗാർത്ഥികൾക്ക് ഇതിലൂടെ ലഭിക്കുന്നുണ്ട്. കൂടാതെ കരിയർ ഡവലപ്മെന്റ് സെന്ററുകളുടെ വാർഷിക കർമ്മപദ്ധതി പ്രകാരം ജോബ് ഡ്രൈവുകൾ നടത്തിവരുന്നു.

ഇത് കൂടാതെ ഉന്നത ഗുണമേന്മയുള്ള കലാലയങ്ങളിലും ദേശീയതലത്തിലുള്ള മികവിന്റെ കേന്ദ്രങ്ങളിലും ബിരുദാനന്തര ബിരുദ കോഴ്സുകളിൽ കേരളത്തിലെ ബിരുദ വിദ്യാർത്ഥികൾക്ക് പ്രവേശനം ലഭിക്കുന്നതിന് വേണ്ടിയുള്ള സമഗ്ര പരിശീലന പദ്ധതിയായ ധനുസ് പ്രോഗ്രാമും കരിയർ ഡവലപ്മെന്റ് സെന്റർ മുഖേന നടത്തിവരുന്നു . ദേശീയതലത്തിലുള്ള ഉന്നത വിദ്യാഭ്യാസ - ഗവേഷണ കേന്ദ്രങ്ങളിലെ ബിരുദാനന്തര ബിരുദ കോഴ്സുകളിൽ പ്രവേശനം ലഭിക്കാൻ മൂന്നുവർഷം നീണ്ടു നിൽക്കുന്ന സൗജന്യപരിശീലനം നൽകുകയാണ് പദ്ധതിയുടെ ലക്ഷ്യം. പരീക്ഷണാർത്ഥം കോഴിക്കോട് ജില്ലയിലാണ് പദ്ധതി നടപ്പിലാക്കുന്നത്. വിവിധ യൂണിവേഴ്സിറ്റികളിലെ ഉന്നത യോഗ്യതയുള്ള പ്രഗത്ഭരായ അദ്ധ്യാപകരാണ് ക്ലാസുകൾ കൈകാര്യംചെയ്യുന്നത്. ഗണിതശാസ്ത്രം, സ്റ്റാറ്റിസ്റ്റിക്സ്, ഇംഗ്ലീഷ്, ഇക്കണോമിക്സ്, ബയോളജിക്കൽ സയൻസ് എന്നീ വിഷയങ്ങളിലാണ് പരിശീലനം നൽകുന്നത്.അവധി ദിവസങ്ങൾ കേന്ദ്രീകരിച്ചാണ് പരിശീലന ക്ലാസ്സുകൾ നടത്തുന്നത് . എസ്.എസ്.എൽ.സി, പ്ലസ് ടു പരീക്ഷകളിലെ മാർക്ക്, പ്രവേശന പരീക്ഷ, ഇന്റർവ്യൂ എന്നിവയുടെ അടിസ്ഥാനത്തിലാണ് പ്രവേശനം. 230 മണിക്കൂർ നീണ്ടു നിൽക്കുന്ന അക്കാദമിക്, പരിശീലനത്തോടൊപ്പം വ്യക്തിത്വ വികസന പരിപാടികളും മോട്ടിവേഷൻ സെഷനുകളും, കരിയർ കൗൺസിലിങ്, കരിയർ പ്ലാനിംഗ്, ഗോൾ സെറ്റിങ് മുതലായവയും പ്രസ്തുത പദ്ധതിയുടെ ഭാഗമായി ഉണ്ടാകും. വിദ്യാർത്ഥികളുടെ ബൗദ്ധിക തലം മുതൽ

ആരോഗ്യ തലം വരെയുള്ള സമഗ്ര വികസനമാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്.

**<u>വൊക്കേഷണൽ ഗൈഡൻസ്</u>**

വകുപ്പിന്റെ വൊക്കേഷണൽ ഗൈഡൻസ് പ്രവർത്തനങ്ങൾ വഴി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്യുന്നവർക്ക് വ്യക്തിഗത മാർഗ്ഗനിർദ്ദേശങ്ങളും കരിയർ ഗൈഡൻസും ഇന്റർവ്യൂകളിലും ഗ്രൂപ്പ് ചർച്ചകളിലും പങ്കെടുക്കുവാനുള്ള പരിശീലനവും നൽകുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ കരിയർ ടോക്, കരിയർ സെമിനാർ/ എക്സിബിഷൻ എന്നിവ നടത്തുകയും PSC / IBPS / RRB/ SSC/ NET തുടങ്ങിയ മത്സരപരീക്ഷകൾക്കു കോച്ചിങ് നൽകുകയും അവരെ ഉയർന്ന ജോലി ലഭ്യമാക്കുന്നതിന് പ്രാപ്തമാക്കുകയും ചെയ്യുന്നു. സ്റ്റേറ്റ് വൊക്കേഷണൽ യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ഉദ്യോഗാർത്ഥികൾക്ക് അവരുടെ അഭിരുചിക്ക് അനുസൃതമായ തൊഴിൽ തെരഞ്ഞെടുക്കുന്നതിനും തൊഴിൽപരമായ പുരോഗതി കൈവരിക്കുന്നതിനും ആവശ്യമായ വിധത്തിൽ വിവിധ തൊഴിലവസരങ്ങളെക്കുറിച്ച് ഉദ്യോഗാർത്ഥികൾ, വിദ്യാർത്ഥികൾ, രക്ഷിതാക്കൾ, സാമൂഹിക സംഘടനാപ്രവർത്തകർ എന്നിവർക്കു ആവശ്യമായ വിവരങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും നൽകുന്നതിനായി 14 ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്കളോടനുബന്ധിച്ചുള്ള VG യൂണിറ്റുകളും 7 യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ബ്യൂറോകൾ എന്നിവ മുഖേന വൊക്കേഷണൽ ഗൈഡൻസ് പ്രവർത്തനങ്ങൾ സംഘടിപ്പിച്ചുവരുന്നു. കരിയർ കോൺഫറൻസുകൾ, പ്രദർശനങ്ങൾ,വ്യക്തികൾക്കും ഗ്രൂപ്പുകൾക്കും വേണ്ടിയുള്ള ഗൈഡൻസ് പരിപാടികൾ, കരിയർ എക്സിബിഷനുകൾ കരിയർ സെമിനാറുകൾ വിവിധ മത്സര പരീക്ഷകൾക്കുള്ള പരിപാടികൾ നൈപുണ്യ പരിശീലന പരിപാടികൾ എന്നിവയെല്ലാം VG പ്രവർത്തനത്തിന്റെ ഭാഗമായി നടന്നുവരുന്നു. കൂടാതെ സ്വകാര്യമേഖലയിലെ തൊഴിൽദാതാക്കളെയും ഉദ്യോഗാർത്ഥികളെയും ഒരു വേദിയിൽ കൊണ്ടുവന്ന് പരമാവധി തൊഴിൽനേടിയെടുക്കുവാൻ സഹായിക്കുക എന്ന ലക്ഷ്യത്തോടെ മെഗാ ജോബ് ഫെയറുകൾ സംഘടിപ്പിക്കുന്നു.

**<u>സമന്വയ</u>**

| | | | |
|---|---|---|---|
| | | | സംസ്ഥാന സർക്കാരിന്റെ തൊഴിൽ നയത്തിന്റെ ഭാഗമായി പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാരുടെ സമഗ്ര തൊഴിൽ വികസനം ലക്ഷ്യമിട്ട് നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് മുഖേന 2020-21 സാമ്പത്തിക വർഷം മുതൽ സർക്കാർ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്ന നവീന പദ്ധതിയാണ് സമന്വയ. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾ കൂടുതലായി അധിവസിക്കുന്ന വിദൂര പ്രദേശങ്ങളിലെ മേഖലയിൽ നേരിട്ടെത്തി, തൊഴിൽമാർഗ്ഗനിർദ്ദേശം, സ്വയംതൊഴിൽ പദ്ധതികളെപറ്റിയുള്ള ബോധവൽക്കരണം, തൊഴിൽ സംബന്ധമായ അറിവ് നൽകൽ, മത്സരപരീക്ഷയ്ക്കുള്ള പരിശീലന പരിപാടികൾ സംഘടിപ്പിക്കൽ, നൈപുണ്യ പരിശീലനം തുടങ്ങിയവയാണ് പ്രധാനമായും ലക്ഷ്യമിടുന്നത്. കൂടാതെ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് മേഖലയിൽ പ്രവർത്തിക്കുന്ന കോച്ചിങ് കം ഗൈഡൻസ് സെന്ററുകളിൽ മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങളോടെ ആധുനികവൽക്കരിച്ച സ്മാർട്ട്ക്ലാസ്സ് / കമ്പ്യൂട്ടർ ലാബ് / കരിയർ ലൈബ്രറി എന്നിവ സ്ഥാപിച്ച് ഈ വിഭാഗത്തിലെ തൊഴിൽ രഹിതരായ പ്രൊഫഷണൽ/സാങ്കേതിക യോഗ്യത നേടിയവർ ഉൾപ്പെടെയുള്ള വിദ്യാസമ്പന്നരായ ഉദ്യോഗാർത്ഥി കൾക്ക് സമഗ്രപരിശീലന പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്യുക എന്നതാണ് ഈ പദ്ധതിയുടെ മറ്റൊരു സുപ്രധാന ലക്ഷ്യം. |

സെക്ഷൻ ഓഫീസർ